**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വ്യവസായത്തിന്റെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൊവിഡ് കാരണം സ്തംഭനാവസ്ഥയിലായ വിനോദസഞ്ചാര വ്യവസായം പുനരുജ്ജീവിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | കോവിഡ് കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് കാരണം ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസ്സിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്ക് ബാങ്കുകളുമായി ചേർന്ന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ എടുക്കുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികൾ അനുസരിച്ച് വായ്പ പലിശയുടെ അമ്പത് ശതമാനം സർക്കാരാണ് വഹിക്കുന്നത്. ഇത് കൂടാതെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തൊഴിലാളികൾക്കും പതിനായിരം രൂപ വരെ പലിശ രഹിത വായ്പയായി ലഭ്യമാക്കുന്നുണ്ട്. അതോടൊപ്പം തന്നെ ഈ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് നിരവധി പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ മുഴുവൻ ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | എല്ലാംതന്നെ ഒരു ബയോബബിൾ സുരക്ഷാ വലയത്തിലാക്കാൻ കഴിഞ്ഞു. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽകണ്ടാണ്. നാഷണൽ റീ ഓപ്പണിംഗ്, ഇന്റർനാഷണൽ റീ ഓപ്പണിംഗ് ക്യാമ്പയിനുകൾ ഇതിന്റെ ഭാഗമാണ്. വരും മാസങ്ങളിൽ ഇസ്രായേൽ, മിലാൻ എന്നിവിടങ്ങളിലെ പ്രമുഖ ട്രേഡ് ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുന്നുണ്ട്. ദുബായ് എക്സ്പോ 2022-ൽ പങ്കെടുക്കുകയും കേരളത്തിലേക്ക് എല്ലാ സഞ്ചാരികൾക്കും സ്വാഗതം എന്ന് പ്രചരിപ്പിക്കാനും സാധിച്ചിട്ടുണ്ട്. മാഡ്രിഡ്, മിലാൻ എന്നിവിടങ്ങളിൽ വരും മാസങ്ങളിൽ ബി 2 ബി മീറ്റുകളും സംഘടിപ്പിക്കുന്നുണ്ട് . ഇതിന് പുറമെ രാജ്യത്തെ പ്രധാന നഗരങ്ങളിൽ ഉള്ള പ്രധാന ട്രേഡ് ഫെയറുകളിലും പങ്കെടുക്കുകയും ഇവിടങ്ങളിൽ മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ബുക്കിംഗ് ഡോട്ട് കോം ട്രാവൽ പ്ലാറ്റ്ഫോം ആഗോളാടിസ്ഥാനത്തിൽ നടത്തിയ സർവ്വേയിൽ ഇൻഡ്യയിലെ ഏറ്റവും നല്ല ആതിഥേയർ എന്ന ഖ്യാതി സംസ്ഥാനത്തിന് നേടാനായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ കൂടുതലായി സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ഓൺലൈൻ വഴിയും നേരിട്ടുമുള്ള മാർക്കറ്റിംഗ് ആകർഷകമാക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; | (ബി) | ഇന്ത്യയിലെ ഏറ്റവും നല്ല ആതിഥേയർ എന്ന ഖ്യാതി ബുക്കിംഗ് ഡോട്ട് കോം എന്ന ട്രാവൽ പ്ലാറ്റ്ഫോം നടത്തിയ സർവ്വേകളിലൂടെ കേരളാ ടൂറിസത്തിന് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കേരളത്തിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ ഉതകുന്നതാണ്. ഇതനുസരിച്ച് വൈവിധ്യങ്ങളായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്ക് രൂപം നൽകി നടപ്പാക്കിവരുന്നു. വിനോദസഞ്ചാരികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി ഹോംസ്റ്റേ, ആയുർവേദ ടൂറിസം, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ, എന്നിങ്ങനെ ടൂറിസത്തിന്റെ വിവിധങ്ങളായ മേഖലകളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് ക്യാമ്പയിനാണ് നടപ്പാക്കി വരുന്നത്. കേരളം വിനോദസഞ്ചാരികൾക്ക് സന്ദർശിക്കാൻ സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിനുള്ള റീ-അഷ്വറൻസ് ക്യാമ്പയിൻ, സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ വഴി നടപ്പാക്കി വരുന്നു. കോവിഡ് കാലഘട്ടത്തിൽ സഞ്ചാരികളുടെ ഇടയിൽ രൂപപ്പെട്ട ഒരു പുതിയ പ്രവണതയാണ് വിനോദയാത്രയ്ക്കൊപ്പം തന്നെ തങ്ങളുടെ ജോലിയും തുടരുക എന്നത്. പ്രധാനമായും ഇത്തരം സഞ്ചാരികൾ ഹോംസ്റ്റേകളെ ആണ് തങ്ങളുടെ താമസത്തിനായി തിരഞ്ഞെടുക്കുന്നത്. ഇത്തരം |

സഞ്ചാരികളെ ആകർഷിക്കുന്നതിനായി 'ലോംഗ് സ്റ്റേയ്സ് ഇൻ കേരള' എന്ന ക്യാമ്പയിനും പുരോഗമിച്ച് വരുന്നു. ടൂറിസം മേഖലയിൽ കോവിഡ് ഏറ്റവും ഗുരുതരമായി ബാധിച്ച ഒരു മേഖല ഹോംസ്റ്റേ ആണ്. അതുകൊണ്ട് തന്നെ സംസ്ഥാനത്തെ ഹോംസ്റ്റേകളിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രത്യേക ഡിജിറ്റൽ മാർക്കറ്റിംഗ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ കാരവൻ അനുഭവം സഞ്ചാരികൾക്ക് ലഭ്യമാക്കാനായി പ്രത്യേക സോഷ്യൽ മീഡിയ ക്യാമ്പയിന് രൂപം നൽകിയിട്ടുണ്ട്. കേരളാ ടൂറിസം സാധ്യത കാണുന്ന മറ്റൊരു മേഖലയാണ് വെഡ്ഡിംഗ് ടൂറിസം. നമ്മുടെ പല ടൂറിസം കേന്ദ്രങ്ങളും ഇതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ടു തന്നെ കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഇന്ത്യയിലെ മെട്രോ സിറ്റികളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രിന്റ്/സോഷ്യൽ മീഡിയ, ഡിജിറ്റൽ, തീയേറ്റർ, റേഡിയോ പ്രചരണങ്ങളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ഇന്ത്യയിലെയും വിദേശത്തേയും പ്രധാനപ്പെട്ട ട്രാവൽ മാർട്ടുകളിൽ കേരളാ ടൂറിസം പങ്കെടുക്കുന്നുണ്ട്. കൂടാതെ ഇന്ത്യയിലെ മെട്രോ സിറ്റികളിൽ ടൂറിസം റോഡ് ഷോകളും ഈ കാലയളവിൽ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ടൂറിസം മേഖലയുടെ നട്ടെല്ലായ ഈ രംഗത്ത് മുതൽ മുടക്കിയിരിക്കുന്ന സംരഭകരോടൊപ്പമാണ് ഈ ട്രാവൽ ഫെയറുകളിൽ പങ്കെടുക്കുന്നത്. ഇത് കൂടാതെ കേരളാ ടൂറിസത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട മാർക്കറ്റുകളായ യു.കെ., യു.എസ്.എ, ജർമനി, ഫ്രാൻസ്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ നടപ്പാക്കുന്നതാണ്. ഇതോടൊപ്പം തന്നെ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന സോഷ്യൽ മീഡിയയിൽ ധാരാളം ഫോളോവേഴ്സ് ഉള്ള സെലിബ്രിറ്റികൾക്ക് നമ്മുടെ നാട് സന്ദർശിക്കാൻ അവസരമൊരുക്കുന്ന ഫെമിലറൈസേഷൻ ടൂർ പദ്ധതിയും ഈ വർഷം ശക്തമായി തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാർക്ക് കേരളം സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കുന്ന

| | | | |
|---|---|---|---|
| | | | പദ്ധതിയും നടന്നുവരുന്നു. കേരളത്തിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതനുസരിച്ച് ഈ വർഷം മലബാറിൽ മാത്രം അഞ്ഞൂറ് ടൂർ ഓപ്പറേറ്റർമാരെ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. 'ഫാം 2 മലബാർ' എന്ന ഈ പദ്ധതിയുടെ രണ്ട് എഡിഷൻ പൂർത്തിയാക്കി കഴിഞ്ഞു. കേരളം സന്ദർശകർക്ക് സുരക്ഷിതം ആണെന്ന സന്ദേശം നൽകുന്നതിനും സഞ്ചാരികളിൽ ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൂടുതൽ സന്ദർശകരെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനുള്ള പ്രചരണ പരിപാടികൾക്കാണ് കേരളാ ടൂറിസം രൂപം നൽകിയിരിക്കുന്നത്. എല്ലാ സ്ഥലങ്ങളിലും എല്ലാ തരത്തിലുമുള്ള പരസ്യ മാധ്യമങ്ങളും ഉപയോഗിച്ച് മാർക്കറ്റിംഗ് നടത്തുന്ന 360-ഡിഗ്രി ക്യാമ്പയിനാണ് നടപ്പാക്കിവരുന്നത്. |
| (സി) | കാരവൻ ടൂറിസം ഉൾപ്പെടെ എന്തെല്ലാം പുതിയ പദ്ധതികളാണ് വിനോദസഞ്ചാര വ്യവസായത്തിന്റെ വിപുലീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാന വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര- വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ടൂറിസം സാധ്യതയുള്ള അനവധി സ്ഥലങ്ങൾ നിലവിലുണ്ട്. ഇത്തരം കേന്ദ്രങ്ങളെ കണ്ടെത്തുവാനും അവയെ മികവുറ്റ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുവാനും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പ് ഇതിനകം ആരംഭിച്ച പദ്ധതികളായ മലബാർ റിവർ ക്രൂയിസ് പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി എന്നിവ പൂർത്തിയായി വരുന്നു. മാത്രമല്ല, വകുപ്പ് ആരംഭിച്ച ട്രാവൻകൂർ പൈതൃക പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തെ അന്താരാഷ്ട്ര ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി രണ്ട് ബൃഹദ് ടൂറിസം സർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറ, മരുതിമല, ജഡായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി നടപ്പിലാക്കുന്ന ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് പദ്ധതിയും, മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് |

| | | | |
|---|---|---|---|
| | | | പദ്ധതിയും ഇത് കൂടാതെ കേരളത്തിലെ അധികം അറിയപ്പെടാത്ത ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് കാരവൻ ടൂറിസം പദ്ധതിയ്ക്കും സർക്കാർ രൂപം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ ആദ്യത്തെ കാരവൻ പാർക്ക് വാഗമണ്ണിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ